6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 536(2)/2022**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **18728**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി എ.കെ.സുധാമ്മ,**
**നിഷാന്ത്, ഇലങ്കത്ത് വെളി നഗർ,**
**14 – സി, തിരുമുല്ലവാരം പി.ഒ.,**
**കൊല്ലം – 691 012.** } **പരാതി ഹർജിക്കാരി**

Vs

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്, തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.08.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.12.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.12. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി എ.കെ.സുധാമ്മ 09.12.2022ന് സമർപ്പിച്ച പരാതി ഹർജി 13.12.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.536(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 15.08.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ യിൽ ആവശ്യപ്പെട്ടിരുന്നത്,

1) ടിയാൾ 19.11.2021ന് ടി ഓഫീസിൽ നൽകിയ പരാതിയിന്മേൽ തീർപ്പ് കൽപ്പിച്ചോയെന്നും തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ കാരണം അറിയണമെന്നും

2) (എ) ടി വിധി ന്യായ തീയതി 09.08.2019 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നവർ (നാളിതുവരെ) ആരോക്കെ ആയിരുന്നുവെന്നും പേര്, മേൽവിലാസം, ജോലി ചെയ്ത കാലം തുടങ്ങിയവ നൽകണമെന്നും

(ബി) 09.08.2019 മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ വകുപ്പ് EPB സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, പെൻഷൻ ഓഫീസർ എന്നിവരുടെ പേരും ഔദ്യോഗിക മേൽവിലാസവും കാലഘട്ടവും അറിയിക്കണമെന്നും തുടങ്ങി നിരവധി വിവരങ്ങളാണ്.

എതിർകക്ഷി 06.01.2023ൽ നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിലും തുടർന്ന് അപ്പീൽ അധികാരി മുമ്പാകെ നൽകിയ അപേക്ഷയിലും ചോദ്യം നമ്പർ IVന് നൽകിയ മറുപടിയിന്മേലാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയിരിക്കുന്നതെന്നും ചോദ്യം നമ്പർ IVഉം ആയതിന് നൽകിയ മറുപടിയും ഉള്ളടക്കം ചെയ്യുന്നുവെന്നാണ്.

ചോദ്യം നമ്പർ.IV

സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ സീനിയോറിറ്റി ലിസ്റ്റ് 24.10.2017ൽ ഇ8-12264/17(5) നമ്പർ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുതുക്കിയതായി കാണുന്നുവെന്നും ടി അന്തിമ ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ അവഗണിച്ച് ചിലരെ ഉയർത്തിയും ചിലരെ താഴ്ത്തിയും ഒരു പുതിയ ലിസ്റ്റ് ഉണ്ടാക്കി ജി.ഒ.(പി)നം.28/2020/എൽ.എസ്.ജി.ഡി. തീയതി 18.03.2020 പ്രകാരം എൽ.എസ്.ജി.ഡി(ഇപിബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ 22.05.2020ന് വാല്യം 9-നമ്പർ 1253 ആയി ഒരു അസാധാരണ ഗസറ്റ് പ്രസിദ്ധപ്പെടുത്തിയതായി കാണുന്നുവെന്നും ഇപ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തി 18.03.2020ൽ ജി.ഒ.(പി)28/2020/എൽ.എസ്.ജി.ഡി. തീയതി 22.05.2020ൽ എൽ.എസ്.ജി.ഡി(ഇപിബി) വകുപ്പ് ഗസറ്റ് പ്രസിദ്ധീകരിച്ചതിന്റെയും കാരണം വിശദമായി അറിയിക്കണമെന്നാണ്.

ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ 18.03.2020ൽ ജി.ഒ.(പി)28/2020 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർമാരുടെ 2011ലെ സെലക്ട് ലിസ്റ്റ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് റിവൈസ് ചെയ്തിരിക്കുന്നതെന്നാണ്.

ഒന്നാം അപ്പീൽ അധികാരി നൽകിയ മറുപടിയിൽ, 18.03.2020ൽ G.O.(P)28/2020 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർമാരുടെ 2011ലെ സെലക്ട് ലിസ്റ്റ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് റിവൈസ് ചെയ്തത് എന്ന എസ്.പി.ഐ.ഒ.യുടെ 17.09.2022ലെ ഇതേ നമ്പർ കത്ത് പ്രകാരമുള്ള മറുപടിയിലെ കോടതി ഉത്തരവിന്റെ നമ്പറും

തീയതിയും കോടതിയുടെ പേരും അറിയിക്കുവാൻ അപേക്ഷിച്ചിട്ടുണ്ടെന്നും ശ്രീ.എം.ഗോവിന്ദൻ ബഹു.ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ(ഇ.കെ.എം.)1722/2017 നമ്പർ ഹർജിയിന്മേൽ 28.03.2019 തീയതിയിലെ ഇടക്കാല ഉത്തരവ് പാലിക്കുന്നതിന്റെ ഭാഗമായാണ് 18.03.2020ൽ G.O.(P)28/2020 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർമാരുടെ 2011ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്തതെന്നുമാണ്.

ചോദ്യത്തിനുള്ള മറുപടിയല്ല നൽകിയിരിക്കുന്നതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരുടെ 24.10.2017ലെ ഇ8-12264/2017(5)നമ്പർ സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തി, ശ്രി.എ.സയിദ് (Sl.No.637) ശ്രീപി.ഐ.രാജൻ(Sl.No.656) എന്നിവരെ ഉയർത്തിക്കൊണ്ടും ശ്രീ.സി.എൻ.ബാബു (Sl.No.630), ശ്രീ.എം.എസ്.നാരായണൻ നമ്പൂതിരി (Sl.No.625) ശ്രീമതി എ.കെ. സുധാമ്മ (Sl.No.648) എന്നിവരെ താഴ്ത്തി ക്കൊണ്ടും 18.03.2020-ൽ G.O.(P)28/2020 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർമാരുടെ 2011ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്തതിന്റെ കാരണം വിശദമായി അറിയിക്കാനു മാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നതെ ന്നാണ്. ടി വിഷയത്തിൽ 06.01.2023ൽ ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. 25.02.2023ന് കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരി ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൾക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്.മൊഴിയും അനുബന്ധരേഖകളും 21.02.2023ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, ടി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/

**കമ്മീഷൻ സെക്രട്ടറി**
Ge/